# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*55 13.01.2021-ൽ മറുപടിയ്ക്ക്

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി .സത്യൻ<br>ശ്രീ പി .ടി .എ . റഹീം<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ. വി. അബ്ദുറഹിമാൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി രേഖകൾ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി 4,98,08,27,723/- രൂപയും കേന്ദ്ര വിഹിതമായി 1,22,56,16,694/- രൂപയും 2020 - 21 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി 2,23,07,27,236/- രൂപയും കേന്ദ്ര വിഹിതമായി 1,38,10,61,182/- രൂപയും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഏറ്റെടുത്ത് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നടപ്പിലാക്കുന്ന കാരുണ്യ ബെനവലെന്റ് പദ്ധതിയ്ക്കായി 2020-21 -ൽ സംസ്ഥാന സർക്കാർ 29,60,75,000/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | കാരുണ്യ പദ്ധതിയ്ക്കായി മുൻ സർക്കാരിനെക്കാൾ എത്ര തുക ഈ സർക്കാർ അധികം ചെലവഴിച്ചിട്ടുണ്ട്; | (ബി) | കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയ്ക്കായി മുൻ സർക്കാരിനേക്കാൾ 6,32,40,27,581/- രൂപ ഈ സർക്കാർ അധികമായി ചികിത്സാ സഹായ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | കാരുണ്യ പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയായി വിപുലീകരിച്ചപ്പോൾ നിലവിലുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നഷ്ടമാകാതിരിക്കാൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും കെ.എം.എസ്.സി.എൽ മുഖാന്തിരം സി.എ.പി.ഡി (Continuous ambulatory peritoneal dialysis) രോഗികൾക്ക് ലഭ്യമായിരുന്ന മരുന്നുകൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ എംപാനൽഡ് ആശുപത്രികളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈകൊണ്ടു. ഇതിനായി എസ്.എച്ച്.എ (സ്റ്റേറ്റ് ഹെൽത്ത് ഏജൻസി) യുടെ 24X7 കോൾസെന്ററിൽ നിന്നും രോഗികളെ നേരിട്ട് വിളിക്കുകയും വിവരങ്ങൾ കൈമാറുകയും ചെയ്തു. കൂടാതെ കെ.ബി.എഫ് പദ്ധതിയിലെ പുതിയ ചികിത്സാ നടപടി |

| | | | |
|---|---|---|---|
| | | | ക്രമങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ചികിത്സക്ക് യോഗ്യതയുള്ള ഗുണഭോക്താക്കൾക്ക് കാസ്പ് എംപാനൽ ചെയ്ത ആശുപത്രികളിലെ കിയോസ്കുകളിൽ ആപ്ലിക്കേഷൻ നേരിട്ട് സമർപ്പിക്കാൻ കഴിയും. അപേക്ഷയോടൊപ്പം വരുമാനം തെളിയിക്കുന്ന രേഖ, റേഷൻ കാർഡ് എന്നീ പ്രോസസ്സിംഗ് രേഖകളും ഹാജരാക്കേണ്ടതാണ്. അപേക്ഷകൾ കിയോസ്കിലെ PMAM/MEDCO ജില്ലാ പ്രോജക്ട് കോർഡിനേറ്റർമാർക്ക് (DPC) കൈമാറുകയും DPC മാർ അപേക്ഷ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതുമാണ്.<br>2. കാസ്പ് പാക്കേജുകൾ അനുസരിച്ച് ദ്വിതീയ, ത്രിതീയ പരിചരണം, 25 സ്പെഷ്യാലിറ്റികളിൽ 1634 പാക്കേജുകൾ, എല്ലാ പാക്കേജുകളിലും ഹോസ്പിറ്റലൈസേഷൻ ചാർജ്ജുകൾ/ഡേ കെയർ സിറ്റിംഗ് ചാർജ്ജുകൾ, 15 ദിവസത്തെ പോസ്റ്റ് ഡിസ്ചാർജ്ജിനുള്ള മരുന്നുകൾ, ഹീമോഫീലിയ രോഗികൾക്കുള്ള ചികിത്സ എന്നിവ ഉൾപ്പെടുന്നു.<br>3. KASP ൽ നിലവിൽ എംപാനൽ ചെയ്തിട്ടുള്ള 271 സ്വകാര്യ ആശുപത്രികളിൽ നിന്നും ദ്വിതീയ, ത്രിതീയ ചികിത്സാ സൗകര്യമുള്ള സർക്കാർ ആശുപത്രികളിൽ നിന്നും ചികിത്സ ലഭിക്കുന്നു.<br>4. കാരുണ്യ ബനവലന്റ് പദ്ധതി പ്രകാരം ഹീമോഡയാലിസിസിന് Rs.900/സെഷൻ നിരക്കിൽ ലഭിക്കുന്നു.<br>5. 2020 സെപ്റ്റംബറോടെ നാഷണൽ ഹെൽത്ത് അതോറിറ്റി പോർട്ടലുമായി പുതിയ ഐ.ടി സംയോജനം നടപ്പാക്കിയതോടെ മുഴുവൻ പ്രക്രിയയും ഡിജിറ്റലൈസ് ചെയ്യപ്പെടുകയും രോഗികൾക്ക് കടലാസില്ലാതെ പണ രഹിത ചികിത്സ ആനുകൂല്യങ്ങൾ അതിവേഗത്തിൽ ലഭ്യമാകുകയും ആശുപത്രികൾക്ക് ഓൺലൈനിൽ ക്ലെയിമുകൾ ഉയർത്താനും രജിസ്റ്റർ ചെയ്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുക ഒരു നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ നേടാനും കഴിയും. |
| (ഡി) | പ്രസ്തുത ചികിത്സ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച് വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ, വ്യക്തമാക്കാമോ? | (ഡി) | ചികിത്സ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സംബന്ധിച്ച വിശദമായ ഉത്തരവ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ